**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/045/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 06-10-2026**

| | | |
|---|---|---|
| പരാതിക്കാരി | : | ശ്രീ. രോഹിത് മേതയിൽ രാജഗോപാൽ<br>33/441, മേതയിൽ,<br>ദേശാഭിമാനി റോഡ്, എളമക്കര പി.ഒ,<br>എറണാകുളം ജില്ല - 682026 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പാലാരിവട്ടം, എറണാകുളം ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. രോഹിത് മേതയിൽ രാജഗോപാൽ എന്നയാൾ ലൈസൻസിയായ **KSEBL** ന്റെ ഉപഭോക്താവല്ല. ഇദ്ദേഹം പരാതിയിൽ ഉന്നയിച്ചിട്ടുള്ള കൺസ്യൂമർ നമ്പർ. **1155449000661** ആയ കണക്ഷൻ ശ്രീ. രാജഗോപാൽ കെ.ജി എന്നയാളുടെ പേരിലാണ്. ഈ കണക്ഷൻ **KSEBL** ന്റെ ഇടപ്പള്ളി, ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ളതാണ്. ഈ വീട്ടിൽ ലഭിച്ചിരിക്കുന്ന കണക്ഷനിലെ വോൾട്ടതയിലുള്ള ഏറ്റക്കുറച്ചിലുകൾ കാരണം പല ഉപകരണങ്ങളും കേടായിരിക്കുന്നു എന്നതാണ് പരാതി. പരാതിക്കാരൻ **CMO** ഓഫീസിലും മറ്റും പരാതി നൽകിയിട്ടും ലൈസൻസി വേണ്ട നടപടികൾ എടുക്കുന്നില്ല എന്നും ആരോപിക്കുന്നു. വോൾട്ടതയിലുള്ള

വ്യതിയാനം നിമിത്തം പമ്പ് സെറ്റ്, ഫാൻ, എന്നിവയും കമ്പ്യൂട്ടറിന്റെ **SMPS** ഉം കേടായി എന്നും പരാതിയിൽ പറയുന്നു. ഈ കണക്ഷൻ **1990-** ൽ എടുത്തിട്ടുള്ളതാണ്. **CGRF** ന്റെ ഉത്തരവിൽ **Service Wire** മാറ്റാനും, പോസ്റ്റിൽ **neutral earth** ചെയ്യാനും നിർദ്ദേശിക്കുകയുണ്ടായി. ഈ രണ്ടുകാര്യങ്ങളും നടപ്പിലാക്കി എന്നാണ് എതിർകക്ഷി അറിയിച്ചത്. പഴയ കണക്ഷനായതിനാൽ **ELCB** ഇല്ലാത്തതിനാൽ ആ കണക്ഷനിൽ **ELCB** സ്ഥാപിക്കണമെന്നും **CGRF** നിർദ്ദേശിച്ചിരുന്നു. എന്നാൽ **ELCB** സ്ഥാപിച്ചിട്ടില്ല എന്നാണ് പരാതിക്കാരൻ അറിയിച്ചത്. ആ വീട്ടിലേക്കുള്ള കണക്ഷന്റെ **phase** മാറ്റിനോക്കുന്നതിനെക്കുറിച്ചു ആരാഞ്ഞപ്പോൾ അതും നടപ്പിലാക്കി എന്നാണ് എതിർകക്ഷി അറിയിച്ചത്.

ഈ സർവീസ് കണക്ഷൻ ട്രാൻസ്ഫോർമറിൽ നിന്ന് ഏകദേശം **100** മീറ്ററിനും **150** മീറ്ററിനും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ തന്നെ **low voltage** അനുഭവപ്പെടാനുള്ള സാധ്യത വളരെ വിരളമാണ്. കൂടാതെ ഈ ലൈനിൽ നിന്നും കണക്ഷൻ നൽകിയിട്ടുള്ള മറ്റു ഉപഭോക്താക്കളാരും തന്നെ ഇത്തരം പരാതി ഉന്നയിച്ചിട്ടില്ലയെന്നും എതിർകക്ഷി അറിയിച്ചു. പ്രസ്തുത വീട്ടിൽ **Single phase welding set, Grinding Machine , Pipe Cutter** എന്നിവ ഉണ്ടെങ്കിലും അവ പ്രവർത്തിപ്പിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. മുൻപുണ്ടായിരുന്ന **workshop**-നു വേണ്ടിയാണു ഈ മെഷീനുകൾ വാങ്ങിയതെങ്കിലും **workshop** ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇപ്പോഴും വോൾട്ടതയുടെ നിലയിൽ മാറ്റം വന്നില്ലെങ്കിൽ **ELCB** സ്ഥാപിക്കേണ്ടതാണെന്നു നിർദ്ദേശിച്ചു. കൂടാതെ **earthing** ശരിയാണോ എന്ന് പരിശോധിക്കുന്നതും നല്ലതായിരിക്കും.

**25/09/2026** -ൽ എറണാകുളത്തുള്ള വൈദ്യുതി ഓംബുഡ്സ്മാന്റെ കാര്യാലയത്തിൽ വച്ച് നടത്തിയ ഹിയറിങ്ങിൽ പരാതിക്കാരനായ ശ്രീ. രോഹിതും എതിർ കക്ഷിയായ പാലാരിവട്ടം, സബ് ഡിവിഷൻ **AEE.** ശ്രീ. സജീവ് കുമാറും പങ്കെടുത്തു. പരാതിക്കാരൻ ഉപഭോക്താവല്ല എന്നും ഉപഭോക്താവായ ശ്രീ. രാജഗോപാൽ പരാതി നൽകിയാൽ മാത്രമേ കേസ് നിലനിൽക്കൂ എന്നും പരാതിക്കാരനെ അറിയിച്ചു. ഉപഭോക്താവായ ശ്രീ. രാജഗോപാൽ ജീവിച്ചിരിക്കെ അദ്ദേഹത്തിന്റെ മകനായാലും നൽകുന്ന പരാതി **KSERC regulation** പ്രകാരം നിലനിൽക്കുകയില്ല.

ഉപഭോക്താവ് മകനെ ചുമതലപെടുത്തികൊണ്ടുള്ള കത്തും നൽകിയിട്ടില്ല. അതിനാൽ തന്നെ ഈ പരാതി നിലനിൽക്കുമോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. **KSERC (CGRF & Ombudsman) Regulation - 2023**-ലെ **Clause 2(6)**-ൽ ആരൊക്കെ പരാതിക്കാരാകാം എന്ന് വിശദീകരിച്ചിരിക്കുന്നു.

***2.Definitions.*** *- In these regulations, unless the context otherwise requires,-*

> ***(6)*** *"Complainant" means any person who submits the complaint or grievance or representation as defined in these regulations against the distribution licensee and include the following:*
>
> > ***(i)*** *any consumer of electricity supplied by the licensee as defined under clause ( 15) of section 2 of the Act, including applicants for new connections; or*
> >
> > **(ii)** *a voluntary electricity consumer association/ forum or other body corporate or group of electricity consumers; or*
> >
> > **(iii)** *the Central Government or State Government - who or which makes the complaint; or*
> >
> > **(iv)** *in the case of death of a consumer, his legal heirs or representatives;*

ഇവിടെ പരാതിക്കാരൻ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വിഭാഗങ്ങളിൽ ഒന്നും പെടാത്തതിനാൽ ഈ പരാതി നിലനിൽക്കുന്നതല്ല എന്ന അനുമാനത്തിലെത്തുന്നു.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരിയുടേയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1) ചട്ടങ്ങൾ പ്രകാരം പരാതി നിലനിൽക്കാത്തതിനാൽ ഈ പരാതി തള്ളി കൊണ്ട് ഉത്തരവാകുന്നു.
2) മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/045/2026/** തീയതി: **06-10-2026**

**അയക്കുന്നത്:**

1. ശ്രീ. രോഹിത് മേതയിൽ രാജഗോപാൽ, **33/441**, മേതയിൽ, ദേശാഭിമാനി റോഡ്, എളമക്കര പി.ഒ, എറണാകുളം ജില്ല - **682026**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പാലാരിവട്ടം, എറണാകുളം ജില്ല

**<u>പകർപ്പ് സമർപ്പിക്കുന്നത്:</u>**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, **HMT Colony P.O**, കളമശ്ശേരി, എറണാകുളം - **683503**